# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2595** | **10/12/2014-ൽ മറുപടിക്ക്**

## ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി

ചോദ്യം | മറുപടി

**ശ്രീ.ആർ.രാജേഷ്**

**ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി)**

എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; മുൻകരുതൽ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി രോഗബാധിത പ്രദേശങ്ങളിലെ എല്ലാ മെഡിക്കൽ ആഫീസർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ട്രെയിനിംഗ് നൽകി.
2. പക്ഷിപ്പനി സ്ഥിരീകരിച്ച മേഖലകളിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ ഭവന സന്ദർശനം വഴി രോഗനിരീക്ഷണം നടത്തുകയും, രോഗം പകരാൻ സാദ്ധ്യത കൂടുതലുള്ള ആൾക്കാർക്ക് പനിയുണ്ടെങ്കിൽ ചികിൽസ നൽകുകയും ചെയ്തു.
3. പക്ഷിപ്പനി ബാധിച്ച പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളേയും കൊന്ന് അണുനശീകരണം നടത്തി കുഴിച്ചുമൂടുകയോ കത്തിക്കുകയോ ചെയ്യുന്നു.
4. പക്ഷികളെ കൊന്നൊടുക്കിയതും സംസ്കരിച്ചതുമായ പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റും പ്രതിരോധ മരുന്നുകളും നൽകിയിട്ടുണ്ട്.
5. ജില്ലയിൽ മുഴുവൻ പ്രദേശങ്ങളിലും ആരോഗ്യ വിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ

പബ്ലിക് ഹെൽത്ത് നേഴ്സ്, ആശാവർക്കർ, മറ്റ് ഇതര എൻ.ജി.ഒ. സംഘടനകളേയും സമുന്വയിപ്പിച്ചുകൊണ്ട് വീടുവീടാന്തരമുള്ള പനി നിരീക്ഷണവും നോട്ടീസ് വിതരണവും നൽകി വരുന്നു.

6. ആലപ്പുഴ ജില്ലയിൽ ബോധവൽക്കരണത്തോടനുബന്ധിച്ച് ഒരു ലക്ഷം നോട്ടീസും വിവിധ തരത്തിലുള്ള ഐ.ഇ.സി.മെറ്റീരിയൽസും വിതരണം ചെയ്തു വരുന്നു.
7. ദിനംപ്രതിയുള്ള പ്രവർത്തന റിപ്പോർട്ട് ഐ.ഡി.എസ്.പി.യിലേയ്ക്കും തുടർന്ന് സ്റ്റേറ്റ് കൺട്രോൾ സെല്ലിലേയ്ക്കും അയച്ചു വരുന്നു.
8. താഴെത്തട്ടിൽ നിന്നും ജില്ലാ തലത്തിൽ വരെ കാര്യമായി പ്രവർത്തന അവലോകനം നടത്തി വരുന്നു.
9. പ്രതിരോധ മരുന്നുകൾ ആവശ്യാനുസരണം എത്തിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ ഒസൽട്ടാമിവിർ 75 മി.ഗ്രാം, ഒസൽട്ടാമിവിർ 30 മി.ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതു കൂടാതെ പി.പി.ഇ. കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസി വഴി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ